കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പന്തളം ബ്ളോക്ക് പഞ്ചായത്ത് - 2012-13 വാർഷിക പദ്ധതി - തുമ്പമൺ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, വല്ലന കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ- ആംബുലൻസുകൾ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്

സ.ഉ(സാധാ)നം.866/13/തസ്വഭവ തിരുവനന്തപുരം, തീയതി: 30.03.2013.

പരാമർശം: 1. പന്തളം ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 14.01.2013-ലെ ബി-1065/2012 നമ്പർ കത്ത്.
2. 25.03.2013 തീയതിയിലെ 3.29-)o നമ്പർ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം.

**ഉത്തരവ്**

പന്തളം ബ്ളോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള തുമ്പമൺ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, വല്ലന കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നീ സ്ഥാപനങ്ങളിലേക്ക് ബ്ളോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ട് വിനിയോഗിച്ച് 6,75,000/- (ആറ് ലക്ഷത്തി എഴുപത്തയ്യായിരം) രൂപ, 5,59,000/-(അഞ്ചു ലക്ഷത്തി അൻപത്തിയൊൻപതിനായിരം) രൂപ എന്നീ തുകകൾക്കുള്ള ആംബുലൻസുകൾ വാങ്ങുന്നതിനുള്ള അനുമതിക്കായി പരാമർശം (1) പ്രകാരം പന്തളം ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. പന്തളം ബ്ളോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള തുമ്പമൺ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, വല്ലന കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നീ സ്ഥാപനങ്ങളിലേക്ക്, ഡ്രൈവറുടെ ശമ്പളം, വാഹനത്തിന്റെ ആവർത്തന ചെലവുകൾ തുടങ്ങിയവ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി നിർവഹിക്കണമെന്ന നിബന്ധനയോടെ ബ്ളോക്ക് ബഞ്ചായത്തിന്റെ വികസന ഫണ്ട് വിനിയോഗിച്ച് 6,75,000/- (ആറ് ലക്ഷത്തി എഴുപത്തയ്യായിരം) രൂപ, 5,59,000/-(അഞ്ചു ലക്ഷത്തി അൻപത്തിയൊൻപതിനായിരം) രൂപ എന്നീ തുകകൾക്ക് രണ്ട് ആംബുലൻസുകൾ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി. വൽസല
ഗവ. ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (LBA&A) തിരുവനന്തപുരം.
സെക്രട്ടറി, പന്തളം ബ്ളോക്ക് പഞ്ചായത്ത്, പത്തനംതിട്ട.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ